"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടമലക്കുടി സമഗ്ര പാക്കേജ് - ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ വാർഷിക പദ്ധതിയിലെ പ്രോജക്ടുകളിൽ വാങ്ങലുകളുമായി ബന്ധപ്പെട്ട സാധനങ്ങൾ പെട്ടിമുടിയിൽ നിന്നും എത്തിക്കുന്നതിന് - തുക പദ്ധതി നിർവ്വഹണ ചെലവിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കാൻ - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.7/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 01/01/2021

---

പരാമർശം:- 1 ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2020-ലെ എ1-685/15 നമ്പർ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.09.2020-ലെ VII (8) നമ്പർ തീരുമാനവും.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.25 (vi)

**ഉത്തരവ്**

കേരളത്തിലെ ഏക ഗോത്ര വർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ റോഡുകൾ ഗതാഗതയോഗ്യമല്ലാത്തതിനാൽ 2020-21 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളിൽ വാങ്ങലുകളുമായി ബന്ധപ്പെട്ട ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള സാധനങ്ങൾ സർക്കാർ ഏജൻസികൾ ലോറി സൗകര്യമുള്ള പെട്ടിമുടി വരെയാണ് എത്തിക്കുന്നത് എന്നും ആയതിനാൽ അവിടെ നിന്നും ടി സാധനങ്ങൾ ജീപ്പിൽ എത്തിക്കുന്നതിന് ആവശ്യമായ തുക പദ്ധതി നിർവ്വഹണ ചെലവിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കാൻ അനുമതി നൽകണമെന്നും പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2. പരാമർശിത യോഗത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ 2020-21 വാർഷിക പദ്ധതിയിലെ പ്രോജക്ടുകളിൽ വാങ്ങലുകളുമായി ബന്ധപ്പെട്ട സാധനങ്ങൾ പെട്ടിമുടിയിൽ നിന്നും എത്തിക്കുന്നതിന് ആവശ്യമായ തുക പദ്ധതി നിർവ്വഹണ ചെലവിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ ചെലവഴിക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, ഇടമലക്കുടി ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.01.04 12:00:20 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്